പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3437

23.06.2014-ൽ മറുപടിക്ക്.

# ജനമൈത്രി പോലീസ്- വിദ്യാലയങ്ങളിലേക്ക് എന്ന പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. കെ. മുരളീധരൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ ജനമൈത്രി പോലീസ് വിദ്യാലയങ്ങളിലേക്ക് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | : (എ) ജനമൈത്രീ സുരക്ഷാ പദ്ധതിയുടെ ഭാഗമായി കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി "ജനമൈത്രി പോലീസ് വിദ്യാലയങ്ങളിലേയ്ക്ക്" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. . |
| (ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | : (ബി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങളെകുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുക, സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുക, ഹെൽപ്പ് ലൈൻ നമ്പരുകൾ ലഭ്യമാക്കുക, നിയമങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ഇതിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്. |
| (സി) പദ്ധതിയുടെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (സി) തുടക്കത്തിൽ തിരുവനന്തപുരം നഗരത്തിലെ സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്. സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ അനുമതിയോടെ സ്കൂളുകളിൽ സ്ഥാപിച്ച ടച്ച് സ്ക്രീൻ കിയോസ്കുകളിലൂടെ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ, സ്ത്രീ സംരക്ഷണ നിയമങ്ങൾ, കുട്ടികൾക്കായുള്ള ജാഗ്രതാ നിർദ്ദേശങ്ങൾ, ഹെൽപ്പ് ലൈൻ നമ്പരുകൾ, സൈബർ കുറ്റകൃത്യങ്ങളും പരിഹാരങ്ങളും എന്നിവ വിരൽ തുമ്പിലൂടെ നിമിഷങ്ങൾക്കകം കുട്ടികൾക്ക് ലഭ്യമാക്കുന്നു. കൂടാതെ ചില വീഡിയോ ഫിലിമുകളും കുട്ടികൾക്ക് കാണാൻ അവസരമൊരുക്കുന്നു. |

| | |
|---|---|
| (ഡി) സംസ്ഥാനത്ത് എവിടെയൊക്കെ പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നുണ്ട് വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കി വിജയിച്ച പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി സ്ത്രീ- ശിശു സുരക്ഷയുമായി ബന്ധപ്പെട്ട വിവരങ്ങൾ അടങ്ങുന്ന ഇൻഫർമേഷൻ ടച്ച് സ്ക്രീൻ കിയോസ്കുകൾ നിർമ്മിക്കാൻ സംസ്ഥാന പോലീസ് മേധാവി എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ